പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 11, 2017

## കേന്ദ്ര ധനകാര്യ മന്ത്രി ഭരതീയ റിസർവ് ബാങ്കിന്റെ ഡയറക്ടർമാരുമായി കൂടിക്കാഴ്ച നടത്തുന്നു

ഭരതീയ റിസർവ്വ് ബാങ്കിന്റെ സെൻട്രൽ ബോർഡ് അംഗങ്ങളുമായി ധനകാര്യമന്ത്രി ശ്രീ.അരുൺ ജയ്റ്റലി ബഡ്ജറ്റിനു മുന്നോടിയായുള്ള കൂടിക്കാഴ്ച നടത്തി. യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ച ബഹു.ധനമന്ത്രി ബഡ്ജറ്റ് ലക്ഷ്യം ഖജനാവിന്റെ അച്ചടക്കത്തോടൊപ്പം ഗ്രാമീണമേഖല, ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്കു നല്കിയ പ്രാധാന്യത്തെക്കുറിച്ചും ചരക്കു സേവന നികുതി, ചെറുതും ഇടത്തരവുമായ സാഥാപനങ്ങൾക്ക് നികുതി കുറക്കുന്നതിനുള്ള നടപടികൾ എന്നിവയെക്കുറിച്ചും അംഗങ്ങളുമായി സംവദിച്ചു. ബോർഡംഗങ്ങൾ ബഡ്ജറ്റിന്റെ മേന്മയുടെ പേരിൽ ധനകാര്യമന്ത്രിയെ അനുമോദിക്കുകയുണ്ടായി.

കേന്ദ്ര ധനകാര്യ മന്ത്രിയെ ശ്രീ.അർജ്ജുൻ റാം മേഘവാൾ, ധനകാര്യസഹമന്ത്രി അനുഗമിച്ചു. ശ്രീ.അശോക് ലവാസ, ഫൈനാൻസ് സെക്രട്ടറി, ഡോ.ഹസ്മുഖ് ആദ്യ, സെക്രട്ടറി (റവന്യൂ), ശ്രീ.നീരജ് കുമാർ ഗുപ്ത, സെക്രട്ടറി(ഇൻവെസ്റ്റ്മെന്റ് & പബ്ലിക് അസറ്റ് മാനേജ് മെന്റ്) ഡോ.അരവിന്ദ് സുബ്രഹ്മണ്യൻ, ചീഫ് ഇക്കണോമിക് അഡൈ്വസർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

563 ാമത് സെൻട്രൽ ബോർഡ് മീറ്റിംഗിൽ ഗവർണർ ഡോ.ഊർജ്ജിത് പട്ടേൽ അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ഗവർണർമാരായ സർവ്വശ്രീ ആർ.ഗാന്ധി., എസ്.എസ്.മുണ്ട്റ. എൻ.എസ്.വിശ്വനാഥൻ, ഡോ.വിരാൽ ആചാര്യ എന്നിവർക്കു പുറമേ റിസർവ്വ് ബാങ്ക് സെൻട്രൽ ബോർഡിലെ മറ്റംഗങ്ങളായ ശ്രീ.നടരാജൻ ചന്ദ്ര ശേഖരൻ, ശ്രീ.ഭരത് ദോഷി, ശ്രീ.സുധീർ

മങ്കാട്, ഡോ.രാജീവ് കുമാർ, ഡോ.അശോക് ഗുലാത്തി, ശ്രീ.മനീഷ് സദർവാൾ എന്നിവരും സന്നിഹിതരായിരുന്നു. സർക്കാർ പ്രതിനിധികളായ ശ്രീ.ശക്തികാന്ത് ദാസ്, സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സ്, ശ്രീമതി.അഞ്ജലി ചിബ് ദുഗ്ഗൽ, സെക്രട്ടറി, ഫൈനാൻഷ്യൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ് എന്നിവരും പങ്കെടുത്തു. രാജ്യത്തിലെ ഇപ്പോഴത്തെ സാമ്പത്തിക അവസ്ഥ, അന്തർദേശീയവും ദേശിയവുമായ വെല്ലുവിളികൾ, റിസർവ് ബാങ്കിന്റെ മറ്റു സവിശേഷ പ്രവർത്തനമേഖലകൾ എന്നിവ ബോർഡ് അവലോകനം ചെയ്തു.

ജോസ് ജെ.കാട്ടൂർ
ചീഫ് ജനറൽ മാനേജർ

പത്രപ്രസ്താവന : **2016-2017/2166**